# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2633** **19.06.2014 ൽ മറുപടിക്ക്**

**പത്താം തരം തുല്യത പ്രവേശന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ.കെ. അജിത്<br>ശ്രീമതി. ഗീതാഗോപി<br>ശ്രീ. ഇ.കെ.വിജയൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | പത്താം തരം തുല്യത പ്രവേശന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവേശന നടപടികൾ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ | (എ) | പത്താംതരം തുല്യതാകോഴ്സ് ഒൻപതാം ബാച്ചിന്റെ പ്രവേശന നടപടികൾ 2014 ജൂൺ മാസം 17 -ാം തീയതി ആരംഭിച്ചു. പത്താം തരം തുല്യതാ കോഴ്സ് രജിസ്ട്രേഷൻ സാധാരണയായി ജൂൺ-ജൂലൈ മാസങ്ങളിലാണ് നടത്തുന്നത്. |
| (ബി) | കഴിഞ്ഞ വർഷം പത്താം തരത്തിൽ എത്രപേർ രജിസ്റ്റർ ചെയ്തു; നിലവിലുള്ള പഠിതാക്കൾക്ക് യഥാസമയം പാഠപുസ്തകങ്ങളും മറ്റും ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | 37,244 പേർ രജിസ്റ്റർ ചെയ്തു. നിലവിലുള്ള പഠിതാക്കൾക്ക് പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. അത് ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | ആദിവാസികളിൽ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അതുല്യം രണ്ടാംഘട്ട പദ്ധതി വിജയകരമായി നടത്താൻ കഴിഞ്ഞിട്ടില്ലെന്നആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുല്യം പദ്ധതി നിറുത്തിവയ്ക്കാനുദ്ദേശിക്കുന്നുണ്ടോ? | (സി) | അതുല്യം രണ്ടാംഘട്ട പദ്ധതി 2014 മാർച്ച് മാസം ആരംഭിക്കാനാണുദ്ദേശിച്ചതെങ്കിലും തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തെരെഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരം പദ്ധതി നീട്ടിവെയ്ക്കേണ്ടി വന്നു. അതുല്യം പദ്ധതി നിറുത്തി വയ്ക്കാനുദ്ദേശിക്കുന്നില്ല |

സെക്ഷൻ ഓഫീസർ